കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ആതവനാട് ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2018-19


ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in


(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.13/239/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,മലപ്പുറം

തിയ്യതി 09/03/2020

ഡെപ്യൂട്ടി ഡയറക്ടർ(ഹയർ ഗ്രേഡ്)
മലപ്പുറം

പ്രസിഡന്റ് / സെക്രട്ടറി മുഖേന

ആതവനാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ആതവനാട് ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷ ഓഡിറ്റ് റിപ്പോർട്ട്-സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആതവനാട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23 (1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് - പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ / തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് ഓൺലൈനായി http://aims.ksad.kerala.gov.in/esubmission അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1),(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹയർ ഗ്രേഡ്)

മലപ്പുറം

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3)പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, മലപ്പുറം.
4)കാര്യാലയ പകർപ്പ്.
എബികെ

കെ.എസ്.എ.എം.പി.എം.13/239/2020

തിയ്യതി: 09/03/2020

## മലപ്പുറം ജില്ലയിലെ ആതവനാട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ ആതവനാട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 22.12.2018 മുതൽ 19.01.2020 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 03 എണ്ണത്തിന് മാത്രമാണ് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

-----------------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ.അജിത്ത് ആർ , ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)

-----------------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം :20.1.2020 മുതൽ 30.1.2020 വരെ

എ) ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| 1.ശ്രീ.സുരേഷ് പി | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| 2.ശ്രീ. അബ്ദുൾ ഗഫൂർ സി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 3.ശ്രീ.ഷാജഹാൻ ഖുറൈശി എം | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. ഷജീർ കെ | ഓഡിറ്റർ |

ബി ) നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീ മുഹമ്മദ് ഇസ്മായിൽ | 01.04.2018 മുതൽ 31.03.19 വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീമതി പുഷ്പലത | 01.04.2018 മുതൽ 31.07.2018 വരെ |
| ശ്രീ.അജയകുമാർ, അസി.സെക്രട്ടറി(ചാർജ്ജ്) | 01.08.2018 മുതൽ 12.08.2018 വരെ |
| ശ്രീമതി റോസി | 13.08.2018 മുതൽ 21.02.19 വരെ |
| ശ്രീ.കിരൺചന്ദ്, അസി.സെക്രട്ടറി (ചാർജ്ജ്) | 22.02.2019 മുതൽ 31.03.2019 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.അജയകുമാർ | 01.04.2018 മുതൽ 08.10.2018 വരെ |
| | | 09.10.2018 മുതൽ 11.10.2018 വരെ ഒഴിവ് |
| | ശ്രീ.കിരൺചന്ദ് | 12.10.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീമതി ആനിഷി ജി.ഐ | 01.04.18 മുതൽ 16.06.18 വരെ |
| | | 17.06.18 മുതൽ 25.06.18 വരെ ഒഴിവ് |
| | ശ്രീമതി ജയശ്രീ | 26.06.18 മുതൽ 05.11.18 വരെ |
| | ശ്രീമതി മുനീറ ബീവി | 05.11.18 മുതൽ 24.02.19 വരെ |
| | ശ്രീമതി പ്രബിഷ | 25.02.19 മുതൽ 05.03.19 വരെ |
| | ശ്രീമതി മുനീറ ബീവി | 25.02.19 മുതൽ 05.03.19 വരെ |
| വെറ്ററിനറി സർജൻ | ഡോ.റോഷ്ന റഷീദ്കുട്ടി | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (അലോപ്പതി) | ഡോ.ലൈലാ ബീഗം | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. പ്രവീണ | 01.04.2018 മുതൽ 31.03.2019 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീമതി ശ്രീകല | 01.04.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. അരുണിമ | 01.04.2018 മുതൽ 20.01.2019 വരെ |
| | ശ്രീമതി. നദീറ | 21.01.2019 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | ശ്രീമതി ഹാരിഫ എം | 01.04.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ | ശ്രീ പ്രദീപ് കുമാർ | 01.04.2018 മുതൽ 31.03.2019 വരെ |

ഉള്ളടക്കം


| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | വിഷയം |
|---|---|---|
| | | ഭാഗം I പൊതു അവലോകനം |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷികധനകാര്യപത്രിക |
| 3 | 1-3 | സാമ്പത്തിക വിശകലനം (R&Pപ്രകാരം) |
| 4 | 1-4 | ഫണ്ട് വിനിയോഗം (ACR പ്രകാരം) |
| 5 | 1-5 | പദ്ധതി അവലോകനം. |
| 6 | 1-6 | തൊഴിലുറപ്പ് പദ്ധതി |
| 7 | 1-7 | ക്ഷേമപദ്ധതികൾ |
| 8 | 1-8 | ക്യാഷ് വെരിഫിക്കേഷൻ |
| 9 | 1-9 | ആഭ്യന്തരനിയന്ത്രണം |
| 10 | 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 11 | 1-11 | വാർഷികകണക്കുകളിലെ അപാകതകൾ |
| 12 | 1-12 | ചെലവുകൾക്കാധാരമായ രേഖകൾ ഹാജരാക്കിയില്ല |
| 13 | 1-13 | ട്രസ്സ് വർക്കിന് മുകളിലായി ഷീറ്റ് ഇട്ടത് എസ്റ്റിമേറ്റ് പ്രകാരമുള്ള ഷീറ്റ് ഉപയോഗിച്ചില്ല |
| 14 | 1-14 | മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും GST ഈടാക്കിയില്ല |
| 15 | 1-15 | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി- തുകകൾ അടവാക്കിയ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് |

| | | |
|---|---|---|
| 16 | 1-16 | ലൈബ്രറി സെസ്സ് - സമയബന്ധിതമായി അടവാക്കിയില്ല |
| 17 | 1-17 | നികുതി നിർണ്ണയത്തിലെ അപാകത |
| 18 | 1-18 | ഓണം അഡ്വാൻസ്-മുഴുവൻ തുകയും തിരികെ ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്. |
| 19 | 1-19 | വസ്തു നികുതി- ന്യൂ ബിൽഡിങ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. |
| 20 | 1-20 | പേ റിവിഷൻ കുടിശ്ശിക നൽകിയത് -പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കേണ്ടതാണ് |
| 21 | 1-21 | പ്രിന്റിങ് ജോലികൾക്ക് തുക നൽകിയയത്- GST രജിസ്ട്രേഷനോടുകൂടിയ ബിൽ ഹാജരാക്കേണ്ടതാണ് |
| 22 | 1-22 | ബിൽ രജിസ്റ്റർ - അപാകത |
| 23 | 1-23 | ലൈസൻസ് - സ്ഥാപന രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. |
| 24 | 1-24 | ബിൽഡിങ് പെർമ്മിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. |
| 25 | 1-25 | തൊഴിൽ നികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ് |
| 26 | 1-26 | വാഹന വാടക - ആദായ നികുതി ഈടാക്കേണ്ടതാണ് |
| 27 | 1-27 | ഫ്രണ്ട് ഓഫീസിലേക്ക് ടച്ച് സ്ക്രീൻ സ്കാനർ വാങ്ങൽ പദ്ധതി- അപാകതകൾ |
| 28 | 1-28 | സമഗ്ര പൊതുജന സാമൂഹ്യ വിവര ശേഖരണ പരിപാടി-11,00,455 രൂപ ചെലവഴിച്ചത് നിഷ്ക്രിയ ആസ്തിയായി തുടരുന്നു |
| 29 | 1-29 | പ്രവൃത്തികളുടെ പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനക്ക് ഹാജരാക്കേണ്ടതാണ് |
| 30 | 1-30 | മാലിന്യം നീക്കം ചെയ്യൽ പ്രവൃത്തി - മാനദണ്ഡങ്ങൾ പാലിക്കാതെയുള്ള ചെലവ് തുക തടസ്സം ചെയ്യുന്നു |
| 31 | 1-31 | എസ്.സി. കുടുംബങ്ങൾക്ക് പി.വി.സി. വാട്ടർ ടാങ്ക് - അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ് |

| | | |
|---|---|---|
| | ഭാഗം 2<br>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഇല്ല | |
| | ഭാഗം 3<br>ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | ട്രസ്സ് വർക്കിന് മുകളിലായി ഷീറ്റ് ഇട്ടത് എസ്റ്റിമേറ്റ് പ്രകാരമുള്ള ഷീറ്റ് ഉപയോഗിച്ചില്ല. | 3-1 |

ഭാഗം -IV പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

| | | |
|---|---|---|
| 33 | 4-1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 34 | 4-2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 35 | 4-3 | നിക്ഷേപ പ്രവർത്തികൾക്ക്(Deposit Work) നൽകിയ തുകയുടെ വിവരങ്ങൾ |
| 36 | 4-4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 37 | 4-5 | വായ്പ/ വായ്പ തിരിച്ചടവ് |
| 38 | 4-6 | സ്ഥിര നിക്ഷേപങ്ങൾ |
| 39 | 4-7 | ഓഡിറ്റ് റിക്കവറി |
| 40 | 4-8 | സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. |
| 41 | 4-9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം |
| | | |

| | | |
|---|---|---|
| 42 | 4-10 | ഓഡിറ്റ് പ്രത്യവലോകനം |
| 43 | 4-11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| ഭാഗം V -അനുബന്ധങ്ങൾ | | |
| 44 | Annexure 1 | Audit Certificate |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

2018-19 ലെ ബജറ്റ് 31.03.2018 ലെ അജണ്ട 3, തീരുമാനം (1) പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2019 | 25-06-2019 | - | - |

## 1-3 സാമ്പത്തിക വിശകലനം (R&Pപ്രകാരം)

| ഇനം | വർഷം 2018-19 |
|---|---|
| മുന്നിരിപ്പ് | 3,51,10,110 |
| വരവ് | 8,06,66,261 |
| ആകെ | 11,57,76,371 |
| ചെലവ് | 7,92,35,960 |
| നീക്കിയിരിപ്പ് | 3,65,40,411 |

## 1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | നീക്കിബാക്കി (RP 40 b പ്രകാരം) |
|---|---|---|---|---|---|---|
| വികസനഫണ്ട്(ജനറൽ) | | 0 | 1,98,87,465 | 1,98,87,465 | 1,70,17,586 | 28,69,879 |
| വികസന ഫണ്ട് (എസ്.സി.പി) | | 0 | 39,90,000 | 39,90,000 | 23,61,313 | 16,28,687 |
| വികസനഫണ്ട് (ടി.എസ്.പി) | | 0 | 1,03,667 | 1,03,667 | 0 | 1,03,667 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | | 0 | 1,01,85,000 | 1,01,85,000 | 95,57,500 | 6,27,500 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | | 0 | 42,07,000 | 42,07,000 | 38,29,487 | 3,77,513 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | | 0 | 92,09,000 | 92,09,000 | 92,06,743 | 2,257 |
| സാക്ഷരത | | 16,050 | 0 | 16,050 | 1,298 | 14,752 |
| ICDS | | 1,58,675 | 6,33,375 | 7,92,050 | 7,49,463 | 42,587 |
| വിമുക്തി | | 12,500 | 25,000 | 37,500 | 0 | 37,500 |
| ടോട്ടൽ സാനിറ്റേഷൻ | | 7,76,451 | 15,27,000 | 23,03,451 | 7,79,949 | 15,23,502 |
| എസ്.എസ്.എ | | 2,95,422 | 11,991 | 3,07,413 | 118 | 3,07,295 |
| എസ്.ബി.ടി ഇ-പേമെന്റ് | | 7,73,770 | 27,59,838 | 35,33,608 | 28,99,783 | 6,33,825 |
| എസ്.ബി.ടി റിലീഫ് ഫണ്ട് | | 3,874 | 738 | 4,612 | 0 | 4,612 |
| ട്രഷറി ടി.എസ്.ബി | | 2,01,20,817 | 2,23,35,470 | 4,24,56,287 | 2,16,88,874 | 2,07,67,413 |
| തൊഴിലുറപ്പപദ്ധതി | ഭരണചെലവുകൾ | 30,387 | 4,95,131 | 5,25,518 | 57,796 | 4,67,722 |
| | ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 93,29,533 | 93,29,533 | 93,29,533 | 0 |

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് | അടങ്കൽ | നടപ്പാക്കിയത് | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ |
|---|---|---|---|---|---|---|

| (എണ്ണം) | | (എണ്ണം) | | | (എണ്ണം) | % |
|---|---|---|---|---|---|---|
| 241 | 9,50,60,499 | 172 | 5,86,24,622 | 63 | 06 | 71.36 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 30,387 | 4,95,131 | 5,25,518 | 57,796 | 4,67,722 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 98,24,664 | 98,24,664 | 98,24,664 | 0 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 18,720 | 12 |
| കർഷകതൊഴിലാളി വേതനം | 1042800 | 79 |
| വിധവാപെൻഷൻ | 15072400 | 1,258 |
| വാർദ്ധക്യകാലപെൻഷൻ | 26364800 | 1,367 |
| വികലാംഗപെൻഷൻ | 5733200 | 358 |
| വിവാഹ ധനസഹായം | 178800 | 14 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.1.2020 ന് 11 മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 69,697/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

കൂട്ടായ പ്രവർത്തനത്തിലൂടെ ലക്ഷ്യപ്രാപ്തി ആവശ്യപ്പെടുന്ന സംഗതികളിൽ ആധുനികമാനേജ് മെന്റ് തത്വങ്ങളുടെ ഫലപ്രദമായ പ്രയോഗം ആവശ്യമാണ്. ആസൂത്രണം, സംഘാടനം, സംവിധാനം, ഏകോപനം, നിയന്ത്രണം എന്നീ മാനേജ്മെന്റ് തത്വങ്ങൾ ബിസിനസ് സ്ഥാപനങ്ങളിലെന്നപോലെ ഇതരസ്ഥാപനങ്ങളുടെയും പ്രവർത്തന വിജയത്തിൽ ഒഴിച്ചുകൂടാനാവാത്തതാണ്. വികേന്ദ്രീകൃതാസൂത്രണത്തിന്റെ അടിസ്ഥാനത്തിലാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സമഗ്രമായ വികസന പ്രവർത്തനങ്ങൾക്കുള്ള പ്രൊജക്ടുകൾ ആസൂത്രണം ചെയ്ത് നടപ്പാക്കി വരുന്നത്. ഇതിനു പുറമെ പൊതുജനങ്ങൾക്കുള്ള സേവന പ്രവർത്തനങ്ങൾ തദ്ദേശ സ്ഥാപനങ്ങൾവഴി നല്കി വരുന്നു. ഗ്രാമസഭകൾ, വർക്കിങ് ഗ്രൂപ്പുകൾ, സ്റ്റാന്റിങ് കമ്മിറ്റികൾ, ഭരണസമിതി, നിയമപരമായി പ്രവർത്തിക്കുന്ന മറ്റ് സമിതികൾ ഗ്രാമ പഞ്ചായത്തിലെ ഉദ്യോഗസ്ഥ സംവിധാനം എന്നിവയുടെ കാര്യക്ഷമമായ പ്രവർത്തനത്തിലൂടെയാണ് ഗ്രാമ പഞ്ചായത്തിന്റെ വികസന /സേവന പ്രവർത്തനങ്ങൾ ലക്ഷ്യം കാണുന്നത്. സ്ഥാപനത്തിലെ വിവിധങ്ങളായ പ്രവർത്തനങ്ങൾ ലക്ഷ്യപ്രാപ്തിക്ക് ഉതകും വിധം സജ്ജമാക്കുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള ഏത് പ്രവർത്തനത്തെയും സ്ഥാപനത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനമായി വിവക്ഷിക്കാം. സ്ഥാപനത്തിലെ മനുഷ്യവിഭവ വിനിയോഗത്തിലെ കാര്യക്ഷമതയാണ് ഒരു സ്ഥാപനത്തിന്റെ വിജയത്തിന് അത്യന്താപേക്ഷിതം എന്നതിനാൽത്തന്നെ ഗ്രാമപഞ്ചായത്തിലെ ഉദ്യോഗസ്ഥ സംവിധാനത്തെ ഫലപ്രദമായി ചിട്ടപ്പെടുത്തേണ്ടതുണ്ട്. ജീവനക്കാരുടെ വിന്യാസം, അധികാര ഉത്തരവാദിത്ത ബന്ധങ്ങൾ നിർവ്വചിക്കൽ, ചുമതലാ വിഭജനം, മേൽനോട്ടം, എന്നിവ കാര്യക്ഷമമായി നടക്കേണ്ടതുണ്ട്. പ്രവർത്തനങ്ങൾ കൃത്യമായി നിരീക്ഷിക്കുകയും തിരുത്തലുകൾ നിർദ്ദേശിക്കപ്പെടുകയും ചെയ്യണം. സർക്കാർ ഉത്തരവുകൾ പാലിക്കപ്പെടൽ, ദൈനംദിന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് നിയമപരമായും അല്ലാതെയും സൂക്ഷിക്കപ്പെടേണ്ട രേഖകളുടെ / രജിസ്റ്ററുകളുടെ ഇൻഡക്സിങ് സമ്പ്രദായത്തിലും ഡിജിറ്റൽ സാങ്കേതിക വിദ്യയനുസരിച്ചുമുള്ള സൂക്ഷിപ്പ്, പ്രവർത്തന മികവ് വർദ്ധിപ്പിക്കുന്ന നൂതനആശയങ്ങൾ ആവിഷ്കരിക്കൽ, ജീവനക്കാർക്ക് കാര്യക്ഷമവും കാലോചിതവുമായ പരിശീലനം ലഭ്യമാക്കൽ, ഉദ്യോഗസ്ഥ സംഘടനാ സംവിധാനത്തിലെ ഫലപ്രദമായ ആശയവിനിമയം ഉറപ്പുവരുത്തൽ തുടങ്ങിയവയൊക്കെ ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ സൂചകങ്ങളാണ്. ഗ്രാമ പഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പരിശോധിച്ചതിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട കാര്യങ്ങൾ ഖണ്ഡിക 1-11 ൽ അപാകതയായി ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്‍റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.12.2019 | 11/2019 | 21.12.2019 |
| എ.ജി ഓഡിറ്റ് | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

1. കാഷ് ബുക്ക് സാക്ഷ്യപ്പെടുത്തി പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ, ലേല രജിസ്റ്റർ എന്നിവ തയ്യാറാക്കിയിട്ടില്ല

3. സ്റ്റോക്ക് -സ്റ്റോർ തുകകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

4. ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ , ലോൺ രജിസ്റ്റർ എന്നിവ തയ്യാറാക്കിയിട്ടില്ല. ഈയിനത്തിൽ ഷെഡ്യൂൾ B-12, B-5 എന്നിവയിൽ തുകകളുണ്ട്.

5. ഡെപ്പോസിറ്റ് രജിസ്റ്റർ ,മുൻകൂർ രജിസ്റ്റർ എന്നിവ അപൂർണ്ണമാണ്. ഡെപ്പോസിറ്റ് രജിസ്റ്ററിൽ കെ.എസ്.ഇ.ബി യിൽ ഡെപ്പോസിറ്റ് ചെയ്ത തുക മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

6. ബാലൻസ് ഷീറ്റിലെ Work in Progress ൽ (B 11a) 1,00,60796 രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അസി.എഞ്ചിനീയറുടെ റിപ്പോർട്ട് പ്രകാരം 1980326 രൂപയുടെ പാർട്ട് ബില്ല് മാത്രമാണ് നൽകിയിട്ടുള്ളത്.

പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം - 1880326

ബസ്റ്റാന്റ് പുത്തനത്താണി - 100000

7. ബാലൻസ് ഷീറ്റിലെ Schedule B4 & RP-40(b) എന്നിവയിലെ തകകൾ പൊരുത്തപ്പെടുന്നില്ല.

| ഇനം | B4 | RP-40(b) |
|---|---|---|
| Total sanitation | 315164 | 1523502 |
| SSA | 295422 | 307295 |
| Litaracy | 16050 | 14752 |

8. സാമൂഹ്യ ക്ഷേമ പെൻഷൻ തുകകൾ വാർഷിക കണക്കിൽ (I-14(d) ) ഉൾപ്പെടുത്തിയിട്ടില്ല. സേവന പത്രിക പ്രകാരമുള്ള പെൻഷനുകളുടെ വിവരം ചുവടെ കൊടുക്കുന്നു.

| പെൻഷൻ | Sevana Stmt. |
|---|---|
| Agr.labour Pension | 1042800 |
| Old Age Pension | 26364800 |
| Disability Pension | 5733200 |
| Un married Woman | 178800 |
| Widow Pension | 15072400 |

9. ബാലൻസ് ഷീറ്റിലെ B-4 ൽ Development (G) 737084 രൂപയും Central Finance Commission Grant 1314000 രൂപയും നീക്കിയിരിപ്പ് രേഖപ്പെടുത്തി. ഈയിനങ്ങളിൽ നീക്കിയിരിപ്പില്ല.

10. MNREGS കാഷ് ബുക്ക് പ്രകാരമുള്ള ചെലവ് വർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

Cash book - 1,11,79,743

AFS - 98,24,664

11. MNREGS നീക്കിയിരിപ്പ് തുക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

| വാർഷിക കണക്ക് | ബാങ്ക് ബുക്ക് | വ്യത്യാസം |
|---|---|---|
| 467772 | 467604 | 118 |

12. വസ്തുനികതി ഡിമാന്റ്, കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. വസ്തു നികുതി സാക്ഷ്യപ്പെടുത്തിയ സംഗ്രഹം ഹാജരാക്കിയിട്ടില്ല.

13. വസ്തു നികുതി വാർഷിക കണക്ക് പ്രകാരമുള്ള കുടിശ്ശികയേക്കാൾ കളക്ഷൻ വന്നു(കുടിശ്ശിക)

| ഇനം | 2017-18 വാർഷിക കണക്ക് പ്രകാരം വസ്തു നികുതി കുടിശ്ശിക (Balance sheet) | 2018-19 വാർഷിക കണക്ക് പ്രകാരം വസ്തു നികുതി കുടിശ്ശിക വരവ് (RP) | വ്യത്യാസം |
|---|---|---|---|
| റെസിഡൻഷ്യൽ ബിൽഡിംഗ് | 133901 | 158037 | 24136 |
| നോൺ റെസിഡൻഷ്യൽ ബിൽഡിംഗ് | 283788 | 357464 | 73676 |

14. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-11 Schedule) ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

15. ആസ്തികളിൽമേൽ തൻവർഷത്തെ Depreciation കണക്കാക്കി ഷെഡ്യൂൾ I-17(a) ൽ ഉൾപ്പെടുത്തിയിട്ടില്ല.

16. ദുരിതാശ്വാസ നിധി നീക്കിയിരിപ്പ് തുക ബാങ്ക് ബുക്ക്, ബാങ്ക് പാസ്സ് ബുക്ക് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

| വർഷിക കണക്ക് | ബാങ്ക് ബുക്ക് | ബാങ്ക് പാസ്സ് ബുക്ക് |
|---|---|---|
| 4612 | 4612 | 0 |

17. ദുരിതാശ്വാസ നിധി നീക്കിയിരിപ്പ് തുക 4612 രൂപ ഷെഡ്യൂൾ B4 ൽ രേഖപ്പെടുത്തിയിട്ടില്ല.

18. Contracters Retention തുകയുടെ വിശദാംശങ്ങൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ബന്ധപ്പെട്ട ലെഡ്ജറിൽ പ്രവൃത്തിയുടെ പേര് രേഖപ്പെടുത്തിയിട്ടില്ല(B7).

19. ബാങ്ക് റീക്കൺസിലിയേഷൻ പത്രികകൾ പ്രതിമാസം തയ്യാറാക്കി സാക്ഷ്യപ്പെടുത്തി വച്ചിട്ടില്ല

20. Advance തുകകൾ (RP-36 2018-19) ബന്ധപ്പെട്ട ഡിമാന്റ് രജിസ്റ്ററുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

21. ഓഡിറ്റ് റിക്കവറി ഇനത്തിൽ 250 രൂപ വരവുണ്ട്. എന്നാൽ തുക വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല. (2016-17- ഖ.2(3))

22. അസി.എഞ്ചിനീയറുടെ ബിൽ ബുക്ക് പ്രകാരമുള്ള ചെലവ് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുമായി (ACR -MG(R))പൊരുത്തപ്പെടുന്നില്ല

| പ്രവൃത്തി | ബിൽ ബുക്ക് | ACR | വ്യത്യാസം |
|---|---|---|---|
| പാറപ്പുറം തട്ടാരുപടി റോഡ് റീടാറിംഗ് | 268002 | 270709 | 2707 |
| പാറപ്പുറം ചോറ്റൂർ റോഡ് റീടാറിംഗ് | 294964 | 297943 | 2979 |
| ചൂരക്കുഴി പള്ളിപ്പാറ റോഡ് റീടാറിംഗ് | 245810 | 248293 | 2483 |

23. പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

24. മുൻ വർഷത്തെ വാർഷിക കണക്കിലെ അപാകതകൾ പരിഹരിച്ചിട്ടില്ല.

## 1-12 ചെലവുകൾക്കാധാരമായ രേഖകൾ ഹാജരാക്കിയില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പ്രവത്തികളുടെ ചെലവുകൾക്കാധാരമായ രേഖകൾ പരിശോധനക്ക് ഹാജരാക്കിയില്ല.

| ക്രമനം | പ്രവൃത്തി | ബില്ല് നം/ തിയ്യതി | തുക |
|---|---|---|---|
| 1 | ചേലപ്പാറ സബ്സെന്റർ പുനരുദ്ധാരണം(167/19) | 8/29.5.2018 | 313556 |
| 2 | കമ്പിവളപ്പ് അംഗൻവാടി പുനരുദ്ധാരണം(168/19) | 1/29.5.2018 | 210093 |
| 3 | മേൽപത്തൂർ ഡിസ്പെൻസറി- മേൽപത്തൂർ അംഗൻവാടി റോഡ് ടാറിംഗ്(170/19) | 3/29.5.2018 | 298660 |
| 4 | ആയുർവ്വേദ ഡിസ്പെൻസറിയിൽ വനിതാ ശൗചാലയം(174/19) | 4/29.5.2018 | 290834 |
| 5 | പഞ്ചായത്ത് മുറ്റം കട്ടപതികഖലും ചുറ്റുമതിൽ നവീകരണവും(175/19) | 15/29.5.2018 | 48310 |
| 6 | ആയുർവ്വേദ ഹോസ്പിറ്റൽ കാട്ടിലങ്ങാടി പുനരുദ്ധാരണം(176/19) | 7/29.5.2018 | 44712 |
| 7 | മാട്ടുമ്മൽ ശിവക്ഷേത്രം റോഡ് മുണ്ടൻകോട്ട് റോഡ് ടാറിംഗ്(177/19) | 5/29.5.2018 | 249494 |
| 8 | പി.എച്ച്.സി കാവുങ്ങൽ സബ്സെന്റർ ചുറ്റുമതിൽ(182/19) | 12/29.5.2018 | 99990 |
| 9 | പരിതി അംഗൻവാടി പുനരുദ്ധാരണം(183/19) | 6/29.5.2018 | 86294 |
| 10 | കട്ടികളത്താണി മുതിരപറമ്പ് റോഡ് ടാറിംഗ്(185/19) | 2/29.5.2018 | 147000 |
| 11 | കുടശ്ശേരി ആരോഗ്യ | 11/29.5.2018 | 150000 |

| | | | |
|---|---|---|---|
| | ഉപകേന്ദ്രം പുനരുദ്ധാരണം (186/19) | | |
| 12 | മേച്ചേരിച്ചിറ തടയണ പുനരുദ്ധാരണം(187/19) | 10/29.5.2018 | 41638 |
| 13 | നിരപ്പ് ആമകുന്ന് റോഡ് ടാറിംഗ്(188/19) | 13/29.5.2018 | 149268 |

മേൽ പ്രവൃത്തിയുടെ ഫയലുകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്എന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി നം.3/28.1.2020 നൽകിയെങ്കിലും ഫയലുകൾ ഹാജരാക്കിയില്ല.ചെലവുതുക 2129849 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-13 ട്രസ്സ് വർക്കിന് മുകളിലായി ഷീറ്റ് ഇട്ടത് എസ്റ്റിമേറ്റ് പ്രകാരമുള്ള ഷീറ്റ് ഉപയോഗിച്ചില്ല

അമ്പലപറമ്പ് അംഗൻവാടി പുനരുദ്ധാരണം പ്രവൃത്തിയിൽ ട്രസ്സ് വർക്കിന് മുകളിലായി ഷീറ്റ് ഇട്ടത് എസ്റ്റിമേറ്റ് പ്രകാരമുള്ള ഷീറ്റ് ഉപയോഗിച്ചില്ല. കരാറുകാരന് തുക അധികം നൽകി.വിശദ വിവരം ഖണ്ഡിക 3-1-ൽ ചേർത്തിട്ടുണ്ട്

## 1-14 മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും GST ഈടാക്കിയില്ല

Notification No.50/2018 തി.13.9.2018 പ്രകാരം 1.10.18 മുതൽ നൽകുന്ന പേയ്മെന്റിൽ നിന്നും GST 2% ഈടാക്കേണ്ടതുണ്ട്.എന്നാൽ താഴെപ്പറയുന്ന പ്രവൃത്തികളിൽ നിന്നും GST ഈടാക്കാതെയാണ് കരാറുകാർക്ക് തുക നൽകിയിട്ടുള്ളത്.

| ക്രമ നം | പ്രവൃത്തി | കരാറുകാരൻ | ആകെ മൂല്യനിർണ്ണയം | ഈടാക്കേണ്ട നികുതി | ബിൽ നം./തിയ്യതി |
|---|---|---|---|---|---|
| 1 | കാട്ടാംകുന്ന് കടവത്തൊടി റോഡ് കോൺക്രീറ്റ്(118/19) | അഹമ്മദ് മുസ്തഫ | 298417 | 5968 | ചെക്ക് നം. 6708399/26.10.2018 |
| 2 | ചുവന്നകുന്ന് കോളനി റോഡ് കോൺക്രീറ്റ്(100/19) | മുഹമ്മദ് ബഷീർ | 298875 | 5978 | ചെക്ക് നം. 6708400/31.10.2018 |
| 3 | ചേലപ്പാറ ഹെൽത്ത് സെന്റർ റോഡ്(103/19) | മുഹമ്മദ് ബഷീർ | 392639 | 7852 | ചെക്ക് നം. 0418283/27.12.2018 |
| 4 | ഗോപാലൻപടി കുറുമ്പത്തൂർ മദ്രസ റോഡ് കോൺക്രീറ്റ്(110/19) | കുഞ്ഞിമുഹമ്മദ് | 296471 | 5930 | ചെക്ക് നം. 0418288/13.12.2018 |
| 5 | മുഴങ്ങാണി ചോല റോഡ് കോൺക്രീറ്റ്(99/19) | രഘുരാജ് | 297035 | 5940 | ചെക്ക് നം. 0418283/27.1.2.2018 |
| 6 | പഴംചിറതങ്ങൾപടി റോഡ് കോൺക്രീറ്റ്(97/19) | സൈതാലി | 282636 | 5652 | ചെക്ക് നം. 0418283/27.1.2.2018 |

ആകെ 37320
ചെലവ് തുക ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

GST ഈടാക്കി അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം.2/28.01.20 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

## 1-15 മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി- തുകകൾ അടവാക്കിയ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് അടവാക്കുന്നതിനായി താഴെപ്പറയുന്ന വൗച്ചറുകൾ പ്രകാരം തുകകൾ പിൻവലിച്ചിട്ടുണ്ട്. ആയത് ബന്ധപ്പെട്ട ഹെഡ്ഡിലേക്ക് അടവാക്കിയ വിവരം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

വൗച്ചർ നം. 21800357/21-08-2018 : 22,000

വൗച്ചർ നം. 21800389/13-09-2018 : 5,00,000

വൗച്ചർ നം. 21800472/23-10-2018 : 1,71,102

വൗച്ചർ നം. 21800712/16-01-2019 : 5,538

വൗച്ചർ നം. 21801004/18-03-2019 : 8,536

രേഖകൾ പരിശോധനക്ക് ഹാജരാക്കുന്നത് വരെ ചെലവ് തുക 7,07,176 രൂപ തടസ്സം ചെയ്യുന്നു.

## 1-16 ലൈബ്രറി സെസ്സ് - സമയബന്ധിതമായി അടവാക്കിയില്ല

സർക്കുലർ നം.10088/എൽ3/05/തസ്വഭവ.തീ.20.09.2005 പ്രകാരം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഒരു വർഷം ലൈബ്രറി സെസ്സ് ഇനത്തിൽ പിരിക്കുന്ന തുക രണ്ടു ഗഡുക്കളായി ലൈബ്രറി കൗൺസിലിന് അടയ്ക്കണം. ഓരോ അർദ്ധ വർഷവും കഴിഞ്ഞ് 30 ദിവസത്തിനകം തുക അടവാക്കേണ്ടതാണ്. (സർക്കുലർ നം. 17263/L.3/ത.സ്വ.ഭ.വ/29-12-2000). ഇതിൽ വീഴ്ച വരുത്തിയാൽ അത് തദ്ദേശ ഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയായിരിക്കുമെന്നും വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ വസ്തുനികുതിക്കൊപ്പം പിരിച്ചെടുത്ത 2017-18 രണ്ടാം അർദ്ധ വർഷത്തെ ലൈബ്രറി സെസ്സ് 21800829/06-03-2019 നമ്പർ വൗച്ചർ പ്രകാരം 4,57,978 രൂപയും,, 2018-19 ഒന്നാം അർദ്ധവർഷത്തെ ലൈബ്രറി സെസ്സ് 1,11,369 രൂപ 21800830/06-03-2019 നമ്പർ വൗച്ചർ പ്രകാരവും മാത്രമാണ് അടവാക്കിയിട്ടുള്ളത്. സർക്കാർ നിർദ്ദേശം പാലിക്കാതിരുന്നതിന് കാരണം അറിയിക്കേണ്ടതാണ്.

## 1-17 നികുതി നിർണ്ണയത്തിലെ അപാകത

2011- ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും, സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം ആതവനാട് ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി വാണിജ്യ കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതി നിരക്ക് താഴെ പറയുന്ന പ്രകാരമാണ് ഭരണസമിതി നിശ്ചയിച്ചിട്ടുള്ളത്.

| | |
|---|---|
| 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 30 രൂപ/ ച.മീ |
| 100 ച.മീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 50 രൂപ/ ച.മീ |

ഗ്രാമപഞ്ചായത്തിൽ നിർമ്മാണം പൂർത്തീകരിച്ച് കെട്ടിടനമ്പറിനായി അപേക്ഷിക്കുന്ന 100 ച.മീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടങ്ങൾ വിവിധ മുറികളായി തിരിച്ചതിനാൽ , ഓരോ മുറിയുടെയും തറവിസ്തീർണ്ണം മാത്രം കണക്കാക്കി 100 ച.മീറ്ററിൽ താഴെ തറവിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടം എന്ന പരിഗണന നൽകി വസ്തുനികുതി നിർണ്ണയിച്ച് നൽകുകയുമാണ് ചെയ്യുന്നത്. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| അനുവദിച്ച നം | കെട്ടിട ഉടമയുടെ പേര് | ആകെ വിസ്തീർണ്ണം (ച.മീ.) | ഈടാക്കിയ നിരക്ക് / ച.മീ. | ഈടാക്കേണ്ട നിരക്ക്/ ച.മീ. |
|---|---|---|---|---|
| 768 Hമുതൽ 768 N വരെ | സൈതലവി, കൊളമ്പിൽ ഹൗസ് | 548 | 30 | 50 |
| 6/ 849 C മുതൽ Eവരെ | അലി വാക്കയിൽ ഹൗസ് | 164 | 30 | 50 |

ന്യൂ ബിൽഡിങ് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കാത്തതിനാൽ 2018-19 വർഷത്തിൽ ഇത്തരത്തിൽ നികുതി അസസ് ചെയ്ത എല്ലാ കെട്ടിടങ്ങളുടെയും വിവരം ലഭ്യമായിട്ടില്ല.

വ്യക്തമായ കാരണങ്ങൾ ഒന്നും രേഖപ്പെടുത്താതെ ചട്ടം നിലവിൽ വന്നതിന് ശേഷം മാത്രം നിർമ്മാണം പൂർത്തീകരിച്ച ഇത്തരം കെട്ടിടങ്ങൾക്ക് ഗ്രാമപഞ്ചായത്ത് നികുതി നിരക്ക് കുറച്ച് വസ്തുനികുതി നിർണ്ണയം നടത്തുന്നത് ചട്ടവിരുദ്ധമാണ്. ഇപ്രകാരം നികുതി നിർണ്ണയിക്കുന്നതിലൂടെ ഗ്രാമപഞ്ചായത്തിന് വലിയ തോതിലുള്ള വരുമാന നഷ്ടമാണ് സംഭവിക്കുന്നത്. അപാകതക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറി (നം-15/29.1.2020) ക്ക് മറുപടി നൽകിയിട്ടില്ല. പ്രസ്തുത കെട്ടിടങ്ങളുടെ നികുതി പുനർ നിർണ്ണയിച്ച് ഈടാക്കിയതിൽ കുറവുള്ള നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-18 ഓണം അഡ്വാൻസ്-മുഴുവൻ തുകയും തിരികെ ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

21800355/21-08-2018-ാം നമ്പർ വൗച്ചർ പ്രകാരം പിൻവലിച്ച 1,05,000രൂപയിൽ നിന്നും താഴെപ്പറയുന്ന ഉദ്യോഗസ്ഥർ 15,000 രൂപ വീതം ഓണം അഡ്വാൻസ് തുക കൈപ്പറ്റിയിട്ടുണ്ടെങ്കിലും മുഴുവൻ തുകയും ഗ്രാമപഞ്ചായത്തിൽ തിരികെ അടവാക്കിയിട്ടില്ല.

| പേര് | തസ്തിക | തിരികെ അടക്കാനവശേഷിക്കുന്ന തുക |
|---|---|---|
| ശ്രീ. ടി. അജയ് കുമാർ | അസി. സെക്രട്ടറി | 12,000 |
| ശ്രീ. | ഹെഡ് | 9,000 |

| | | |
|---|---|---|
| എസ്.ആർ. വിനോദ് | ക്ലർക്ക് | |
| ശ്രീ. റനീഷ്. ആർ. | സീനിയർ ക്ലർക്ക് | 3,000 |
| ശ്രീ. രെജിത്ത് ആർ.എസ്. | സീനിയർ ക്ലർക്ക് | 9,000 |
| | ആകെ | 33000 |

സ്ഥലം മാറിപ്പോയ മേൽ ഉദ്യോഗസ്ഥരിൽ നിന്നുമായി 33,000 രൂപ തിരികെ ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-19 വസ്തു നികുതി- ന്യൂ ബിൽഡിങ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

ഗ്രാമ പഞ്ചായത്തിൽ 2018-19 വർഷത്തിൽ വസ്തു നികുതി- ന്യൂ ബിൽഡിങ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഓഡിറ്റിന് ഹാജരാക്കിയ സഞ്ചയ വസ്തു നികുതി നിർണ്ണയ രേഖകളിൽ നിന്നും 2018-19 വർഷത്തിൽ നികുതി അസസ് ചെയ്ത കെട്ടിടങ്ങളുടെ വിവരം ലഭ്യമല്ല. വസ്തു നികുതി- ന്യൂ ബിൽഡിങ് രജിസ്റ്റർ സൂക്ഷിക്കേണ്ടതും ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

## 1-20 പേ റിവിഷൻ കുടിശ്ശിക നൽകിയത് -പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കേണ്ടതാണ്

ഗ്രാമ പഞ്ചായത്തിലെ ജീവനക്കാർക്ക് ചുവടെ കാണിച്ച വൗച്ചറുകൾ പ്രകാരം ശമ്പള നിർണ്ണയ കുടിശ്ശിക (മൂന്നും നാലും ഗഡു) അനുവദിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | വൗച്ചർ നമ്പർ | തുക |
|---|---|---|
| 1 | 21800049/27-04-2018 | 81,688 |
| 2 | 21800155/25-05-2018 | 16,120 |
| 3 | 21800203/08-06-2018 | 1,06,585 |
| 4 | 21800442/10-10-2018 | 1,84,509 |
| 5 | 21800490/16-10-2018 | 35,876 |

ശമ്പള കുടിശ്ശിക തുകയിലുൾപെട്ട അടിസ്ഥാന ശമ്പള വർദ്ധനവിന്റെ 15% തുക പെൻഷൻ കോൺട്രിബ്യൂഷനായി അടവാക്കേണ്ടതാണ്

## 1-21 പ്രിന്റിങ് ജോലികൾക്ക് തുക നൽകിയയത്- GST രജിസ്ട്രേഷനോടുകൂടിയ ബിൽ ഹാജരാക്കേണ്ടതാണ്

പഞ്ചായത്ത് ആവശ്യങ്ങൾക്ക് പ്രിൻറിങ് ജോലികൾ ചെയ്ത യതീംഖാന ഓഫ് സെറ്റ് പ്രിൻേറഴ്സ്,കാട്ടിലങ്ങാടി എന്ന സ്ഥാപനത്തിന് താഴെപ്പറയുന്ന പ്രകാരം തുക നൽകിയിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു :

| വൗച്ചർ നം /തീ | തുക |
|---|---|
| ബിൽ നം. 8/24-05-18 | 25,950 |
| 21800386/06-09-18 | 16,350 |
| ബിൽ നം.18/28-07-18 | 34,250 |

മേൽ തുകകളുടെ GST രജിസ്ട്രേഷനോടുകൂടിയ ബിൽ ഹാജരാക്കേണ്ടതാണ്. അല്ലാത്ത പക്ഷം 18% GSTഈടാക്കി അടവാക്കേണ്ടതാണ്.

## 1-22 ബിൽ രജിസ്റ്റർ - അപാകത

ഗ്രാമ പഞ്ചായത്തിന്റെ 2018 ഡിസംബർ മുതലുള്ള ബിൽ രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ബിൽ രജിസ്റ്ററിൽ ചെക്കുകളുടെ തുകയുടെ വിവരങ്ങൾ രേഖപ്പെടുത്തിയത് ക്രമത്തിലല്ല എന്ന് ബോധ്യപ്പെട്ടു. ഒരു ചെക്ക് പ്രകാരം പിൻ വലിച്ച തുകയുടെ ചെലവ് വിവരങ്ങൾ രജിസ്റ്ററിൽ പല ഭാഗത്തായി ഭാഗികമായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇതു മൂലം പിൻവലിക്കുന്ന തുകയുടെ യഥാർഥ ചെലവു വിവരം പരിശോധിക്കാൻ പ്രയാസമുണ്ടാക്കുന്നു. ബിൽ രജിസ്റ്ററിൽ ചെക്കുകളുടെ തുക വിവരങ്ങൾ മേൽ പരിശോധന സാധ്യമാകും വിധം കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതാണ്.

## 1-23 ലൈസൻസ് - സ്ഥാപന രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

ഗ്രാമ പഞ്ചായത്തിൽ ലൈസൻസ് എടുക്കേണ്ടതായ എല്ലാ സ്ഥാപനങ്ങളും ഉൾക്കൊള്ളുന്ന സ്ഥാപന രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് പുതുക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ യാതൊരു നടപടിയും സ്വീകരിക്കാതെ അപേക്ഷ നൽകുന്നവർക്ക് മാത്രം ലൈസൻസ് അനുവദിക്കുന്ന രീതിയാണ് ഇപ്പോഴും തുടരുന്നത്. ലൈസൻസ്-സ്ഥാപന രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതും ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

## 1-24 ബിൽഡിങ് പെർമ്മിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

ഗ്രാമ പഞ്ചായത്തിൽ 1.4.2018 മുതൽ 31.10.2018 വരെയുള്ള ബിൽഡിങ് പെർമ്മിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ബിൽഡിങ് പെർമിറ്റ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതും ഓഡിറ്റിന്ഹാജരാക്കേണ്ടതുമാണ്.

## 1-25 തൊഴിൽ നികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്

2018-19 വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ ജോലി ചെയ്ത താഴെപ്പറയുന്ന വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല -

| ക്ര.നം. | പേര് | തസ്തിക | ഒന്നാം അർദ്ധവർഷംകൈപ്പറ്റിയ തുക | അടവാക്കേണ്ട തൊഴിൽ നികുതി | രണ്ടാം അർദ്ധവർഷം കൈപ്പറ്റിയ തുക | അടവാക്കേണ്ട തൊഴിൽ നികുതി |
|---|---|---|---|---|---|---|
| 1 | ശ്രീമതി പുഷ്പലത. സി | സെക്രട്ടറി | 2,89,538 | 1250 | 0 | 0 |
| 2 | ശ്രീ. മുഹമ്മദ് റാഷിദ് | ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 1,08,610 | 1,000 | 97,875 | 750 |
| 3 | ശ്രീ. അബ്ദുൽ സലീം | ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 1,02,235 | 1,000 | 98,600 | 750 |
| 4 | ശ്രീ. ഉമേഷ് പി.യു. | ഓവർസിയർ, LSGD | 69,580 | 600 | 0 | 0 |
| 5 | ശ്രീമതി ജയപ്രഭ. സി.കെ. | അസിസ്റ്റൻറ്, വി.ഇ.ഒ. ഓഫീസ് | 66,740 | 600 | | |
| 6 | ശ്രീമതി ഫാത്തിമ മോൾ വി.കെ. | അറ്റൻഡർ, ഹോമിയോ ഡിസ്പൻസറി | 56,070 | 450 | 57,405 | 450 |
| 7 | ശ്രീ. മുസ്തഫ | ഡ്രൈവർ | 94,740 | 750 | 1,02,400 | 1000 |
| 8 | ശ്രീ. ഷിഹാബുദ്ദീൻ | ടെക്നിക്കൽ അസിസ്റ്റൻറ് | 1,26,840 | 1250 | 1,28,520 | 1250 |
| 9 | ശ്രീമതി പാറുക്കുട്ടി | പി.ടി.എസ്. | 48,900 | 450 | 54,000 | 450 |
| 10 | ശ്രീ. അബ്ദുൽ നാസർ. വി | ഓവർസിയർ | 31,240 | 300 | 30,000 | 300 |
| 11 | ശ്രീമതി മുഫീദ കെ. | അറ്റൻഡർ, ഹോമിയോ ഡിസ്പൻസറി | 34,185 | 300 | 42,570 | 300 |
| 12 | ശ്രീ. പൊറ്റമ്മൽ സുഭാഷ് | ഡോക്ടർ | 1,81,250 | 1250 | 3,30,240 | 1250 |
| 13 | ശ്രീമതി പ്രജിഷ | നഴ്സ് | 69,500 | 600 | 1,69,578 | 1250 |
| 14 | ശ്രീമതി ശശികല | ഫാർമസിസ്റ്റ് | 44,529 | 300 | 0 | |
| 15 | ശ്രീമതി സൈബുന്നിസ | ഫാർമസിസ്റ്റ് | | | 1,28,760 | 1250 |

മേൽ വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്

## 1-26 വാഹന വാടക - ആദായ നികുതി ഈടാക്കേണ്ടതാണ്

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി പിൻവലിച്ച താഴെപ്പറയുന്ന തുകകൾ മാലിന്യം നീക്കം ചെയ്ത വാഹനത്തിൻെറ വാടക ഇനത്തിൽ ശ്രീ.അബ്ദുൽ നസീർ ടി.പി, ശ്രീ.ജാഫർ.ടി എന്നീ വ്യക്തികളുടെ പേരിൽ നൽകിയതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

| വൗച്ചർ നം./ തിയ്യതി | തുക | റിമാർക്സ് | ഫണ്ടിനം |
|---|---|---|---|
| 21800045/21- | 30,000 | വാഹന | ശുചിത്വ മിഷൻ |

| | | | |
|---|---|---|---|
| 04-18 | | വാടക | ഫണ്ട് |
| 21800048/23-04-18 | 30,000 | വാഹന വാടക | ശുചിത്വ മിഷൻ ഫണ്ട് |
| 21800053/27-04-18 | 48,000 | വാഹന വാടക | ശുചിത്വ മിഷൻ ഫണ്ട് |
| 21800137/21-05-18 | 42,000 | വാഹന വാടക | ശുചിത്വ മിഷൻ ഫണ്ട് |
| 21800148/23-05-18 | 48,000 | വാഹന വാടക | ശുചിത്വ മിഷൻ ഫണ്ട് |
| 21800151/23-05-18 | 36,000 | വാഹന വാടക | തനത് ഫണ്ട് |
| 21800153/24-05-18 | 18,000 | വാഹന വാടക | തനത് ഫണ്ട് |
| 21800165/31-05-18 | 24,000 | വാഹന വാടക | തനത് ഫണ്ട് |
| 21800196/06-06-18 | 30,000 | വാഹന വാടക | തനത് ഫണ്ട് |
| 21800224/30-06-18 | 54,000 | വാഹന വാടക | തനത് ഫണ്ട് |
| 21800225/30-06-18 | 48,000 | വാഹന വാടക | തനത് ഫണ്ട് |
| ആകെ | 408000 | | |

ആദായ നികുതി വകുപ്പിലെ 194C പ്രകാരം 1% TDS ആയി 4,080 രൂപ ഈടാക്കേണ്ടതാണെങ്കിലും ആയത് ഈടാക്കിയിട്ടില്ല. തുക ബന്ധപ്പെട്ട ഹെഡ്ഡിൽ അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-27 ഫ്രണ്ട് ഓഫീസിലേക്ക് ടച്ച് സ്ക്രീൻ സ്കാനർ വാങ്ങൽ പദ്ധതി- അപാകതകൾ

പ്രോജക്റ്റ് - ഫ്രണ്ട് ഓഫീസിലേക്ക് ടച്ച് സ്ക്രീൻ സ്കാനർ വാങ്ങൽ

നം - S0173/2019

അടങ്കൽ - 1,80,000

ബിൽ നം.03/24-05-2018 : 34,989

ബിൽ നം.05/24-05-2018 : 1,07,800

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പ്രൊജക്ടിൻ കീഴിൽ ഫ്രണ്ട് ഓഫീസിലേക്ക് ടച്ച് സ്ക്രീൻ വാങ്ങുന്നതിനായി സെർഗോസ് ഇൻഫ്രാടെക്, വൈലത്തൂർ രേഖപ്പെടുത്തിയ 1,07,800 രൂപയും, സ്കാനറിന് സാൻകോർപ്പ് ഇന്ത്യ പ്രൈ.ലി, കോഴിക്കോട് രേഖപ്പെടുത്തിയ 24,000 രൂപയും 23-12-17 ലെ 7(5)-ാം നമ്പർ തീരുമാന പ്രകാരം ഭരണസമിതി അംഗീകരിച്ചിരുന്നു.

മേൽ പ്രൊജക്ടിൻെറ പരിശോധനയിൽ കണ്ട ചുവടെ ചേർക്കുന്ന അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ് :

1. സെർഗോസ് ഇൻഫ്രാടെക് , വൈലത്തൂർ എന്ന സ്ഥാപനത്തിന് 1,07,800രൂപ നൽകിയിട്ടുണ്ടെങ്കിലും ടാക്സ് ഇൻവോയ്സ്/രസീത് ലഭ്യമാക്കിയിട്ടില്ല. മേൽ തുകയുടെ GST രജിസ്ട്രേഷനോട്ടുകൂടിയ ബിൽ ഹാജരാക്കാത്ത പക്ഷം 18% GSTഈടാക്കി അടവാക്കേണ്ടതാണ്.

2. സ്കാനർ വിതരണം ചെയ്യുന്നതിന് തെരഞ്ഞെടുക്കപ്പെട്ട സാൻകോർപ്പ് ഇന്ത്യ പ്രൈ.ലി, കോഴിക്കോട് സപ്ലൈ ഓർഡർ നൽകിയപ്പോൾ വിതരണം ചെയ്യാൻ തയ്യാറാവാത്തതിനാൽ 20-02-2018ലെ 1(4)-ാം നമ്പർ തീരുമാന പ്രകാരം രണ്ടാമത് കുറഞ്ഞതുക രേഖപ്പെടുത്തിയ എ ഡോട്ട് കമ്പ്യൂട്ടേഴ്സ്, തൃശ്ശൂരിൽ നിന്ന് 34,989 രൂപക്ക് സ്കാനർ വാങ്ങി.അത് മൂലം ഗ്രാമപഞ്ചായത്തിന് 10,989 രൂപ നഷ്ടം സംഭവിച്ചു.

ഡയറക്ടർ,സാൻകോർപ്പ് ഇന്ത്യ പ്രൈ.ലി, കോഴിക്കോട് 25-11-2017ൽ സമർപ്പിച്ച കരാർപത്രം പ്രകാരം ടെണ്ടറിൽ തെരഞ്ഞെടുക്കപ്പെട്ട ശേഷം ഉപകരണം വിതരണം ചെയ്യുന്നില്ലെങ്കിൽ, അത് മൂലം ഗ്രാമ പഞ്ചായത്തിന് ഉണ്ടാകുന്ന നഷ്ടം നികത്തൽ തങ്ങളുടെ ബാധ്യതയായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്ഥാപനത്തിൽ നിന്ന് നഷ്ടത്തുക 10,989 രൂപ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

3. സെർഗോസ് ഇൻഫ്രാടെക് വൈലത്തൂർ, സ്റ്റാലൺസ് സിസ്റ്റംസ് ആൻറ് സൊല്യൂഷൻസ് പ്രൈ.ലി കൊച്ചി എന്നീ സ്ഥാപനങ്ങൾ നൽകിയ യഥാക്രമം 676822163/27-11-17 , 989931/24-11-17 4,500രൂപ വീതമുള്ള ഡിമാൻറ് ഡ്രാഫ്റ്റുകൾ ഫയലിൽ സൂകഷിച്ചിരിക്കുകയാണ്. നാളിതു വരെ തനത് ഫണ്ടിൽ അടവാക്കാതെ ഫയലിൽ സൂക്ഷിച്ചിരിക്കുകയാണ്.
ടാക്സ് ബിൽ ഹാജരാക്കുന്നത് വരെ ചെലവ് തുക 107800 രൂപ തടസ്സം ചെയ്യുന്നു.

## 1-28 സമഗ്ര പൊതുജന സാമൂഹ്യ വിവര ശേഖരണ പരിപാടി-11,00,455 രൂപ ചെലവഴിച്ചത് നിഷ്ക്രിയ ആസ്തിയായി തുടരുന്നു

പ്രോജക്റ്റ് - സമഗ്ര പൊതുജന സാമൂഹ്യ വിവര ശേഖരണ പരിപാടി

നം - S0144/2019
അടങ്കൽ - 18,00,000 (തനത് )
ചെക്ക് നം. 6708392/31-07-18 : 11,00,455
സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പ്രൊജക്റ്റിൻ കീഴിൽ ജി.ഐ.എസ്. മാപ്പിംഗ് നടത്തിയതിൻെറ ചെലവായി ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് 11,00,455 രൂപ നൽകിയിട്ടുണ്ട്. മേൽ പ്രൊജക്റ്റിൻെറ പരിശോധനയിൽ കണ്ട ചുവടെ ചേർക്കുന്ന അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ് :
1. 04-10-2018ലെ ജി.ഒ.(ആർ.ടി)നം.2556/2018/തസ്വഭവ ഉത്തരവ് പ്രകാരം ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി മുഖേന ജി.ഐ.എസ്. മാപ്പിംഗ്
നടത്തുന്നതിന് സർക്കാർ അനുമതി ലഭിച്ചു എന്ന് ഫയലിലുണ്ട്. എന്നാൽ 22-02-18 ൽ 10,00,000 ലക്ഷം രൂപയും, 31-07-2018തിയ്യതിയിൽ 11,00,455 രൂപയും ഉൾപ്പടെ ആകെ 21,00,445 രൂപ ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് നൽകിയിട്ടുണ്ട്. ആയതിന് ലഭിച്ച അനുമതി വിവരം ലഭ്യമാക്കേണ്ടതാണ്.
2. നാല് ഫേസ് ആയിട്ടാണ് പദ്ധതി വിഭാവനം ചെയ്തത്. ആയതിലെ നാലാമത്തെ ഫേസിൽ ഉൾപ്പെട്ട -
a) migration of database to relational database management system
b) application development
c) hosting and testing
എന്നിവ പൂർത്തിയാക്കിയത് സംബന്ധിച്ച് യാതൊരു വിവരവും ഗ്രാമപഞ്ചായത്തിന് ലഭ്യമായിട്ടില്ല.
3. 04-10-2018ലെ ജി.ഒ(ആർ.ടി) നം. 2556/2018/തസ്വഭവ ഉത്തരവ് പ്രകാരം
i) ഐ.കെ.എം. ൻെറ സൂപ്പർവിഷനിലാണ് ജി.ഐ.എസ്. മാപ്പിംഗ് നടത്തേണ്ടത് എന്നാൽ ഈ നിബന്ധന പാലിച്ചിട്ടില്ല.
ii) ഐ.കെ.എം. വികസിപ്പിച്ച മറ്റ് സോഫ്റ്റ് വെയറുകളുമായി സംയോജിപ്പിക്കാവുന്ന രീതിയിൽ ആണോ ജി.ഐ.എസ്. മാപ്പിംഗ് നടത്തിയിട്ടുള്ളത് എന്ന് പരിശോധിക്കുവാൻ integrationചെയ്യുന്നതിനുള്ള ശ്രമങ്ങൾ നാളിതുവരെ നടത്തിയിട്ടില്ല.
ii) പ്രോപ്പർട്ടി അസസ്സ്മെൻറിന് ജി.ഐ.എസ്. മാപ്പിംഗ് ഉപകരിക്കേണ്ടതാണെങ്കിലും ആയതിന് നാളിതുവരെ സാധിച്ചിട്ടില്ല.
മേൽ ഉത്തരവ് പ്രകാരം ഗ്രാമ പഞ്ചായത്തിന് ഉപകരിക്കാനാവുന്ന രീതിയിൽ ഡാറ്റയും സോഫ്റ്റ് വെയറും ലഭ്യമാവാതെ ഈ ഇനത്തിൽ തുക ചെലവഴിച്ചത് ക്രമപ്രകാരമല്ല. അപാകതകൾ പരിഹരിക്കാനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. 2018-19 ൽ ചെലവഴിച്ച 11,00,455 രൂപ തടസ്സം ചെയ്യുന്നു.

## 1-29 പ്രവൃത്തികളുടെ പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനക്ക് ഹാജരാക്കേണ്ടതാണ്

സെക്രട്ടറി നിർവ്വഹണം നടത്തിയ വിവിധ പ്രൊജക്ടുകൾക്കായി താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് തുകകൾ നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകകളുടെ പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം/വിനിയോഗ സാക്ഷ്യപത്രം, രശീതി എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല-

| ക്ര. നം. | പ്രൊജക്ട് | ബിൽ/ വൗച്ചർ നം./ തിയ്യതി/ തുക | തുക അടവാക്കിയ സ്ഥാപനം | ലഭ്യമാക്കേണ്ട രേഖ |
|---|---|---|---|---|
| 1 | എസ്.എസ്.എ. വിഹിതം അടവാക്കൽ<br>നം. S009/19<br>അടങ്കൽ : 15,00,000 (വികസന ഫണ്ട്) | ബിൽ നം.14/<br>19-06-2018<br>15,00,000 | SSA, മലപ്പുറം | ഗ്രാമ പഞ്ചായത്തിലെ ഏതെല്ലാം പ്രവർത്തനങ്ങൾക്ക് തുക ഉപയോഗിച്ചു എന്നതിൻെറ ബില്ലുകളും അനുബന്ധ രേഖകളും |
| 2 | സ്ട്രീറ്റ് മെയിൻ<br>നം. S145/19<br>അടങ്കൽ : 10,00,000 (ഫിനാൻസ് കമ്മീഷൻ അവാർഡ്) | ബിൽ നം. 29/<br>24-11-2018<br>9,89,784 | കെ. എസ്.ഇ.ബി, ഇലക്ട്രിക്കൽ ഡിവിഷൻ, തിരൂർ | പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം, രശീതി |
| 3 | തിരുനാവായ കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | ബിൽ നം.39/<br>20-12-2018 | കേരളാ വാട്ടർ അതോരിറ്റി,പി. എച്ച്. ഡിവിഷൻ, എടപ്പാൾ | പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം |

| | | | | |
|---|---|---|---|---|
| | നം. S002/19<br>അടങ്കൽ : 30,00,000 (ഫിനാൻസ് കമ്മീഷൻ അവാർഡ്) | 30,00,000 | | |
| | ആകെ തുക | 54,89,784 | | |

ചെലവ് തുക 54,89,784രൂപ തടസ്സം ചെയ്യുന്നു.

## 1-30 മാലിന്യം നീക്കം ചെയ്യൽ പ്രവൃത്തി - ചെലവവ് രേഖകളുടെ ആധികാരികത പരിശോധനാ വിധേയമാക്കേണ്ടതാണ്

ഗ്രാമപഞ്ചായത്ത് പരിധിയിലെ വിവിധ സ്ഥലങ്ങളിൽ നിന്നും മാലിന്യം നീക്കം ചെയ്തതിൻെറ ചെലവായി താഴെപ്പറയുന്ന വൗച്ചറുകൾ പ്രകാരം തനത് ഫണ്ട്, ശുചിത്വ മിഷൻ ഫണ്ട് എന്നിവയിൽ നിന്നും തുക പിൻവലിച്ചിട്ടുണ്ട്. പ്രധാനമായും വെട്ടിച്ചിറ, പുത്തനത്താണി,മാട്ടുമ്മൽ, കടശ്ശേരിപ്പാറ തുടങ്ങിയ സ്ഥലങ്ങളിലെ ഓടകളിൽ നിന്നും മാലിന്യം നീക്കം ചെയ്യുന്നതിനും, ബസ്സ്റ്റാൻറിൽ മണ്ണിടുന്നതിനുമായി തൊഴിലാളികൾക്ക് കൂലി നൽകുന്നതിനും, വാഹന വാടക നൽകുന്നതിനുമാണ് തുക പിൻവലിക്കുന്നതെന്നാണ് വൗച്ചറിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

| ക്ര.നം. | വൗച്ചർ നം./ തിയ്യതി | തുക | റിമാർക്സ് | ഫണ്ടിനം |
|---|---|---|---|---|
| 1 | 21800045/21-04-18 | 30,000 | വാഹന വാടക | ശുചിത്വ മിഷൻ ഫണ്ട് |
| 2 | 21800046/21-04-18 | 45,450 | തൊഴിലാളികളുടെ കൂലി | ശുചിത്വ മിഷൻ ഫണ്ട് |
| 3 | 21800047/23-04-18 | 57,570 | തൊഴിലാളികളുടെ കൂലി | ശുചിത്വ മിഷൻ ഫണ്ട് |
| 4 | 21800048/23-04-18 | 30,000 | വാഹന വാടക | ശുചിത്വ മിഷൻ ഫണ്ട് |
| 5 | 21800053/27-04-18 | 48,000 | വാഹന വാടക | ശുചിത്വ മിഷൻ ഫണ്ട് |
| 6 | 21800054/27-04-18 | 40,400 | തൊഴിലാളികളുടെ കൂലി | ശുചിത്വ മിഷൻ ഫണ്ട് |
| 7 | 21800135/18-05-18 | 56,560 | തൊഴിലാളികളുടെ കൂലി | ശുചിത്വ മിഷൻ ഫണ്ട് |
| 8 | 21800136/21-05-18 | 52,520 | തൊഴിലാളികളുടെ കൂലി | ശുചിത്വ മിഷൻ ഫണ്ട് |
| 9 | 21800137/21-05-18 | 42,000 | വാഹന വാടക | ശുചിത്വ മിഷൻ ഫണ്ട് |
| 10 | 21800147/23-05-18 | 39,390 | തൊഴിലാളികളുടെ കൂലി | ശുചിത്വ മിഷൻ ഫണ്ട് |
| 11 | 21800148/23-05-18 | 48,000 | വാഹന വാടക | ശുചിത്വ മിഷൻ ഫണ്ട് |
| 12 | 21800149/23-05-18 | 69,690 | തൊഴിലാളികളുടെ കൂലി | ശുചിത്വ മിഷൻ ഫണ്ട് |
| 13 | 21800150/23- | 54,540 | തൊഴിലാളികളുടെ | തനത് |

| | | | | |
|---|---|---|---|---|
| | 05-18 | | കൂലി | ഫണ്ട് |
| 14 | 21800151/23-05-18 | 36,000 | വാഹന വാടക | തനത് ഫണ്ട് |
| 15 | 21800152/24-05-18 | 48,480 | തൊഴിലാളികളുടെ കൂലി | തനത് ഫണ്ട് |
| 16 | 21800153/24-05-18 | 18,000 | വാഹന വാടക | തനത് ഫണ്ട് |
| 17 | 21800164/31-05-18 | 40,400 | തൊഴിലാളികളുടെ കൂലി | തനത് ഫണ്ട് |
| 18 | 21800165/31-05-18 | 24,000 | വാഹന വാടക | തനത് ഫണ്ട് |
| 19 | 21800195/06-06-18 | 42,925 | തൊഴിലാളികളുടെ കൂലി | തനത് ഫണ്ട് |
| 20 | 21800196/06-06-18 | 30,000 | വാഹന വാടക | തനത് ഫണ്ട് |
| 21 | 21800204/14-06-18 | 47,975 | തൊഴിലാളികളുടെ കൂലി | തനത് ഫണ്ട് |
| 22 | 21800219/22-06-18 | 45,450 | തൊഴിലാളികളുടെ കൂലി | തനത് ഫണ്ട് |
| 23 | 21800222/28-06-18 | 34,340 | തൊഴിലാളികളുടെ കൂലി | തനത് ഫണ്ട് |
| 24 | 21800224/30-06-18 | 54,000 | വാഹന വാടക | തനത് ഫണ്ട് |
| 25 | 21800225/30-06-18 | 48,000 | വാഹന വാടക | തനത് ഫണ്ട് |
| 26 | 21800314/31-07-18 | 18,816 | തൊഴിലാളികളുടെ കൂലി | തനത് ഫണ്ട് |
| | ആകെ | 1102506 | | |

മേൽ തുകകളുടെ ചെലവ് രേഖകളുടെ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു -

1. മേൽ പ്രവൃത്തിക്കായി പ്രൊജക്ട് തയ്യാറാക്കിയിട്ടില്ല.

2. പ്രവൃത്തി ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനിക്കുകയോ ചെലവ് അംഗീകരിക്കുകയോ ചെയ്തിട്ടില്ല.

3. അഞ്ച് ലക്ഷത്തിനു മേൽ ചെലവ് വരുന്ന പ്രവൃത്തികൾ ഇ-ടെണ്ടർ ചെയ്യണമെന്ന നിബന്ധന പാലിച്ചിട്ടില്ല.

4. ക്ഷമതയുള്ള ഉദ്യോഗസ്ഥൻ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയോ, അളവ് എടുക്കുകയോ ചെയ്തിട്ടില്ല.

5. മസ്റ്റർറോൾ പ്രകാരമുള്ള തുക തൊഴിലാളികളുടെ കൂലി ഇനത്തിൽ അവരുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിന് പകരം, സെൽഫ് ചെക്ക് മുഖേന കാഷ് ആയി പിൻവലിക്കുകയാണ് ചെയ്തിട്ടുള്ളത്.

തൊഴിലാളികളുടെ കൈപ്പറ്റ് രശീതി ഒരു വൗച്ചറിനൊപ്പവും ഇല്ല.

6. കേരളാ പഞ്ചായത്തീരാജ് നിയമങ്ങളിൽ തനത് ഫണ്ട് വിനിയോഗം സംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങളുടേയും പൊതുമരാമത്ത് ചട്ടങ്ങളുടേയും, ശുചിത്വ മിഷൻ ഫണ്ട് ഉപയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും വ്യക്തമായി ലംഘിച്ചു കൊണ്ടാണ് ഈ തുകകൾ പിൻവലിച്ചിട്ടുള്ളത്.

7. ചെലവ് രേഖകൾ ബന്ധപ്പെട്ട സെക്ഷൻ ക്ലർക്ക്, അക്കൗണ്ടന്റ് എന്നിവർ പരിശോധിച്ചതിന്റെ രേഖപ്പെടുത്തലുകൾ ഫയലിലില്ല. സെക്രട്ടറി നേരിട്ട് തന്നെ ചെലവ് രേഖകൾ കൈകാര്യം ചെയ്തതായാണ് മനസ്സിലാകുന്നത്.

8.പരിശോധനക്ക് ലഭ്യമാക്കിയ പല രേഖകളുടേയും ആധികാരികത സംശയകരമാണ്. ഉദാഹരണമായി, മാലിന്യം നീക്കം ചെയ്യുന്നതിന് ഉപയോഗിച്ച വാഹനത്തിന്റെ വാടകയായി 21800224/19-07-2018 -ാം നമ്പർ വൗച്ചർ പ്രകാരം 54,000 രൂപ നൽകിയിട്ടുണ്ട്. ആയതിന്റെ ട്രിപ്പ്ഷീറ്റിൽ രേഖപ്പെടുത്തിയ വാഹന നമ്പർ KL-55-T-8376 എന്നത് മാരുതി വാഗൺ-ആർ എന്ന ലൈറ്റ് മോട്ടോർ വെഹിക്കിളിന്റേതാണ് മോട്ടോർ വാഹന വകുപ്പിന്റെ വെബ്സൈറ്റിൽ നിന്നും ലഭ്യമായ വിവരം. അതേപോലെ, അബ്ദുൽ നസീർ ടി.പി, ജാഫർ.ടി എന്നീ വ്യക്തികളുടെ പേരിൽ വാഹന വാടക ഇനത്തിൽ 4,08,000 രൂപ പിൻവലിച്ചിട്ടുണ്ട്. ശ്രീ.അബ്ദുൽ നസീർ ടി.പിക്ക് തുക നൽകിയതായി രേഖപ്പെടുത്തിയ വൗച്ചറുകളോടൊപ്പം ഉള്ള രശീതിയുടെ മാതൃകയിൽ തന്നെ അദ്ദേഹം പേരെഴുതി, റവന്യൂ സ്റ്റാമ്പിൽ ഒപ്പിട്ട് തുകയും മറ്റു വിവരങ്ങളും മാത്രം ചേർക്കാതെ പല രശീതികളും ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്.

ക്രമവിരുദ്ധമായ നടപടികളിലൂടേയും, കൃത്രിമ രേഖകളുടെ സഹായത്താലും പൊതുപണം ദുരുപയോഗം ചെയ്തിട്ടുണ്ടോ എന്നത് സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി ഉത്തരവാദികളിൽ നിന്ന് നഷ്ടത്തുക ഈടാക്കേണ്ടതാണ്.

ചെലവ് തുക 11,02,506 രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-31 എസ്.സി. കുടുംബങ്ങൾക്ക് പി.വി.സി. വാട്ടർ ടാങ്ക് - അപാകതകൾക്ക് മറുപടി

# ലഭ്യമാക്കേണ്ടതാണ്

പ്രോജക്ട് – എസ്.സി. കുടുംബങ്ങൾക്ക് പി.വി.സി. വാട്ടർ ടാങ്ക്

നം - S0033/2019

അടങ്കൽ - 6,00,000

ബിൽ നം. 09/22-01-2019 : 1,27,167

ബിൽ നം. 17/16-03-2019 : 71,200

ബിൽ നം. 18/16-03-2019 : 73,425

വൗച്ചർ നം. 21800973/12-03-2019 : 39,016

വൗച്ചർ നം. 21800973/18-03-2019 : 24,000

വൗച്ചർ നം. 21800973/18-03-2019 : 24,750

അസി.സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പ്രൊജക്ടിൽ 122 പി.വി.സി. വാട്ടർ ടാങ്കുകൾ വിതരണം ചെയ്തതിൻെറ വിലയായി 3,59,558 രൂപ സെൽസർ പോളിമേഴ്സ്, അയ്യംകുന്ന്, മുണ്ടൂർ, തൃശ്ശൂർ-ന് നൽകിയിട്ടുണ്ട്. പ്രൊജക്ട് ഫയൽ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു :

1. സ്ഥാപനം ഹാജരാക്കിയ ഇൻവോയ്സ് പ്രകാരം 3,07,585 രൂപയാണ് ടാക്സബ്ൾ ആയ തുക. ഇതിൻെറ 2% തുകയായ 6152 രൂപ ജി.എസ്.ടി. TDS ആയി ഈടാക്കി അടവാക്കേണ്ടതുണ്ട്. എന്നാൽ 3,278 രൂപ മാത്രമാണ് ഈടാക്കിയിട്ടുള്ളത്.

2. കരാർ തുകയുടെ 5% സെക്യൂരിറ്റി ഡെപ്പോസിറ്റ് ആയി ഈടാക്കി, വാറൻറി കാലാവധിക്കി ശേഷം മാത്രം ആയത് തിരിച്ച് നൽകേണ്ടതുണ്ട്. എന്നാൽ അപ്രകാരം സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കിയിട്ടില്ല. സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കുന്നതിൽ നിന്ന് ഇളവ് നൽകുന്ന രേഖകളൊന്നും സെൽസർ പോളിമേഴ്സ് എന്ന സ്ഥാപനം ഹാജരാക്കിയിട്ടില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

# 1-32 എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകൽ പദ്ധതി- നിർവ്വഹണത്തിലെ അപാകതകൾ

പ്രോജക്ട് – എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകൽ

നം - S0011/2019

അടങ്കൽ - 6,00,000

ബിൽ നം. 11/22-01-2019 : 3,07,668

ബിൽ നം. 14/16-03-2019 : 51,278

ബിൽ നം. 16/16-03-2019 : 76,917

അസി.സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പ്രൊജക്ടിൽ 17 ലാപ് ടോപ് വിതരണം ചെയ്തതിൻെറ വിലയായി 4,35,863 രൂപ ഹാൽസിടോൺ ട്രാൻസ്മിഷൻ ടെക്നോളജീസ്, പെരിന്തൽമണ്ണ-ക്ക് നൽകിയിട്ടുണ്ട്. പ്രൊജക്ട് ഫയൽ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു :

1. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലേക്ക് ഇത്തരം ഉപകരണങ്ങൾ വാങ്ങുന്നത് കെൽട്രോൺ മുഖേന 'സെൻട്രലൈസ്ഡ് പ്രൊക്വർമെന്റ് റേറ്റ് കോൺട്രാക്ട് സിസ്റ്റം' ഉപയോഗിച്ച് വേണം എന്ന് 18.11.2017ലെ സ.ഉ (എം.എസ് ) 24/17/ഐ.ടി.ഡി.; 1.2.2018 ലെ സ.ഉ (ആർ.ടി)25/18/ഐ.ടി.ഡി എന്നീ ഉത്തരവുകളിലൂടെ സർക്കാർ വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ ഈ സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി സ്വകാര്യ സ്ഥാപനത്തിൽ നിന്നാണ് ലാപ് ടോപ് വാങ്ങിയിരിക്കുന്നത്.

2. ലഭ്യമായ ടെണ്ടറുകളിൽ 25,638 രൂപ രേഖപ്പെടുത്തിയ ഹാൽസിടോൺ ട്രാൻസ്മിഷൻ ടെക്നോളജീസ്, പെരിന്തൽമണ്ണയും, 25,338 രൂപ രേഖപ്പെടുത്തിയ ആംസ്റ്റർ ബിസിനസ് കോർപ്പറേഷൻ, കൊണ്ടോട്ടിയും ഒരേ സ്പെസിഫിക്കേഷനും വാറൻറിയുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിൽ, ഒരു ലാപ് ടോപിന് 300 രൂപ നിരക്ക് കൂടുതൽ രേഖപ്പെടുത്തിയ ഹാൽസിടോൺ ട്രാൻസ്മിഷൻ ടെക്നോളജീസ്, പെരിന്തൽമണ്ണയെ തെരഞ്ഞെടുത്തതിൻെറ കാരണം രേഖപ്പെടുത്തിയിട്ടില്ല.

3. ടെണ്ടർ സ്പെസിഫിക്കേഷൻ പ്രകാരവും, ഹാൽസിടോൺ ട്രാൻസ്മിഷൻ ടെക്നോളജീസ്, പെരിന്തൽമണ്ണ ടെണ്ടറിനൊപ്പം സമർപ്പിച്ച വിശദാംശങ്ങൾ പ്രകാരവും രണ്ട് USB-2, ഒരു USB-3 എന്നിങ്ങനെ മൂന്ന് expansion portകൾ ലാപ് ടോപിൽ ഉണ്ടാകേണ്ടതുണ്ട്. എന്നാൽ വിതരണം ചെയ്ത ലാപ്ടോപ്പുകളിൽ USB-3 port ഇല്ല. ആകെ രണ്ട് USB-2 portകൾ മാത്രമാണുള്ളത്.

ടെണ്ടറിൽ തെരഞ്ഞെടുക്കുന്ന സ്ഥാപനത്തിൽ നിന്നും ഒരു ലാപ് ടോപ് പരിശോധനയ്ക്കായി ലഭ്യമാക്കി portകളുടെ എണ്ണം, മുതലായവ സ്പെസിഫിക്കേഷൻ പ്രകാരമുള്ളതാണെന്ന് ഉറപ്പ് വരുത്തണമെന്ന് ലഭിച്ച ടെണ്ടറുകളുടെ പരിശോധന നടത്തിയ അസി.എഞ്ചിനീയർ, പി.ഡബ്ല്യു.ഡി.ഇലക്ട്രോണിക്സ് സെക്ഷൻ, മഞ്ചേരിയും നിർദ്ദേശിച്ചിരുന്നെങ്കിലും വിതരണം ചെയ്ത ലാപ്ടോപ്പിൻെറ സ്പെസിഫിക്കേഷൻ സംബന്ധിച്ച് ഗ്രാമ പഞ്ചായത്തിലെ ടെക്നിക്കൽ അസിസ്റ്റൻറിൻെറ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചില്ല. സ്പെസിഫിക്കേഷൻ പ്രകാരമല്ലാത്ത ലാപ് ടോപ് വിതരണം ചെയ്യുക വഴി പ്രസ്തുത സ്ഥാപനം കരാർ ലംഘനം നടത്തിയിരിക്കുകയാണ്.

4.സ്ഥാപനം ഹാജരാക്കിയ ഇൻവോയ്സ് പ്രകാരം 3,69,375 രൂപയാണ് ടാക്സബ്ൾ ആയ തുക. ഇതിൻെറ 2% തുകയായ 7388 രൂപ ജി.എസ്.ടി. TDS ആയി ഈടാക്കി അടവാക്കേണ്ടതുണ്ട്. എന്നാൽ 2174 രൂപ മാത്രമാണ് ഈടാക്കിയിട്ടുള്ളത്.

5. കരാർ തുകയുടെ 5% സെക്യൂരിറ്റി ഡെപ്പോസിറ്റ് ആയി ഈടാക്കി, വാറൻറി കാലാവധിക്കി ശേഷം മാത്രം ആയത് തിരിച്ച് നൽകേണ്ടതുണ്ട്. എന്നാൽ അപ്രകാരം സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കിയിട്ടില്ല. സംസ്ഥാനത്തിനകത്ത് പ്രവർത്തിക്കുന്ന ചെറുകിട വ്യവസായ യൂനിറ്റുകൾക്ക് അപ്രകാരം റജിസ്റ്റർ

ചെയ്തിട്ടുണ്ടെങ്കിൽ അവർ നിർമ്മിക്കുന്ന ഉപകരണങ്ങൾ വിതരണം ചെയ്യുമ്പോൾ മാത്രം സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കുന്നതിൽ നിന്ന് ഇളവ് നൽകാവുന്നതാണ്. എന്നാൽ ലെനോവോ കമ്പനിയുടെ ലാപ് ടോപ് വിതരണം ചെയ്ത സ്ഥാപനത്തിൽ നിന്ന് സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കാതിരുന്നത് ക്രമപ്രകാരമല്ല.

അപാകതകൾക്ക് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 3-1 ട്രസ്സ് വർക്കിന് മുകളിലായി ഷീറ്റ് ഇട്ടത് എസ്റ്റിമേറ്റ് പ്രകാരമുള്ള ഷീറ്റ് ഉപയോഗിച്ചില്ല.

2.അമ്പലപ്പറമ്പ് അംഗൻവാടി പുനരുദ്ധാരണം

(212/19)

എം. ബുക്ക് - 110/17-18

മൂല്യനിർണ്ണയം - 216088

ബിൽ - 40/28.9.2018

കരാറുകാരൻ- മുഹമ്മദ് ബഷീർ പി.പി

കരാർ-31/25.11.2017 (Estimate)

Cost Index-40.2% (2016 DSR)

മേൽ കാണിച്ച മരാമത്ത് പ്രവൃത്തിയുടെ അളവ് പുസ്തകത്തിൽ ഇനം 6 പ്രകാരം 0.50 mm ഷീറ്റ് (Galvanised iron profile sheet) ഇട്ടതിന് 71999 രൂപ (93.305 m2x771.66/m2) അനുവദിച്ചു. 27.01.20 ന് ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ സ്ഥല പരിശോധന നടത്തിയതിൽ ഷീറ്റ് 0.35 mm കനമുള്ളതാണെന്ന് ബോധ്യപ്പെട്ടു. 0.35 mm കനമുള്ള ഷീറ്റിന് 708.36/m2 ആണ് നൽകാവുന്നത്. അധികം അനുവദിച്ച തുക താഴെ പറയുന്നു.

93.305 m2x708.36/m2 = 66094

71999-66094 = 5905

അധികം നൽകിയതിന് = 5905രൂപ

DATA (OD)

Roofing with G.I hard colour powder coated trafford sheets 0.35mm thick or nearest available thickness with overlaps of 150mm at ends and GI hooks or crank C.I bolts and nuts including plain washers and bitumen washers etc complete.

| Code | Description | Unit | Quantity | Rate | Amount | Code |
|---|---|---|---|---|---|---|
| MR | Precoated glavanished iron profile sheet 0.350 mm TCT | sqm | 202.97 | 300.00 | 60891.00 | MR |
| 1022 | Galvanised steel bolts&nuts 6mm dia and 25mm lon round head with slots | 10 nos | 884.00 | 38.00 | 3359.2 | |
| 1023 | Galvanised steel J or L hooks 8 mm dia | 10 nos | 1694.00000 | 115.00 | 19481.00 | 1023 |
| 1207 | G.I Limpet washer | 100 nos | 1694.00000 | 35.00 | 592.90 | |
| 1208 | Bitumen washer | 100 nos | 26.9100000 | 30.00 | 8.07 | 1208 |
| 9999 | Sundries | L.S | 53.82000 | 1.78 | 93.11 | 9999 |
| 0130 | Mistry | Day | 1.30000 | 487.00 | 633.10 | 0130 |
| 0112 | Carpenter 2nd class | Day | 15.50000 | 448.00 | 6944.00 | 0112 |
| 0114 | Beldar | Day | 15.50000 | 368..00 | 5704 | 0114 |
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| 9999 | Sundries | L.S | 12.09000 | 1.73 | 20.92 | 9999 |
| | TOTAL | | | | 97727.30 | |
| | cost for 184.52 | | | | 97727.30 | |
| | cost for one sqm | | | | 529.63 | |
| | say | | | | 529.63 | |

| |
|---|
| Add Water Charges @ 1.0% 5.29 |
| Add CPOH @ 15.0% 80.23 |
| SAY 615.16 |

| | | |
|---|---|---|
| Cost index 40.2% | | 93.20 |
| Total with Cost index | | 708.36 |
| Say | | 708.36 |

അധികം നൽകിയ 5905 രൂപ ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 17.07.19 മുതൽ 18.07.19 വരെ | കെ.എസ്.എ.എം.പി.എം.13/1724/2019 തിയ്യതി 24.08.2019 |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം 2018-19

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2,00,000 | 20/19 പരിരക്ഷ | 1,85,960 | 14,040 |
| | 11,92,380 | 150/19 ലൈഫ് പദ്ധതി | 11,92,380 | 0 |
| | 3,70,000 | 44/19ശാരീരികമാനസികവെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 3,70,000 | |
| | 2,11,200 | 15/19നെൽകൃഷി വികസനം | 2,11,200 | |
| ജില്ലാ പഞ്ചായത്ത് | 5,48,390 | 150/19ലൈഫ് പദ്ധതി | 5,25,436 | 22,954 |
| | 3,99,950 | 44/19ശാരീരികമാനസികവെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 3,99,950 | |

### 4-3 നിക്ഷേപ പ്രവർത്തികൾക്ക് (Deposit Work) നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| കെ.ഡബ്ല്യൂ.എ | തിരുനാവായ ഡ്രിങ്കിങ് വാട്ടർ | 39/20.12.18 | 30,00,000 | -- | പൂർത്തീകരിച്ചിട്ടില്ല | 30,00,000 |

| | | | | | | |
|---|---|---|---|---|---|---|
| | പ്രൊജക്ട് പൈപ്പ്ലൈൻ എക്റ്റൻഷൻ | | | | | |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് മൈൻ നം. S145/19 | ബിൽ നം. 29/ 24-11-2018 | 9,89,784 | | പൂർത്തീകരിച്ചിട്ടില്ല | 9,89,784 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

| ക്രമ നം. | വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക (sanctioned) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ലൈഫ് ഭവന പദ്ധതി-KURDFC | ലഭ്യമായിട്ടില്ല | 22,48,634 | 0 | 0 | 0 | 22,48,634 |

## 4-6 സ്ഥിര നിക്ഷേപങ്ങൾ

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 18,94,190 |
| തൻ വർഷം നിക്ഷേപിച്ച തുക (Interest) | 2,16,608 |
| ആകെ | 21,10,798 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 21,10,798 |

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ 250/- രൂപ വരവുണ്ടെങ്കിലും പരിശോധിക്കാനാവശ്യമായ രേഖകൾ ലഭ്യമായിട്ടില്ല.

## 4-8 സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| | | 2012-13, | 2(4) | ഫ്രണ്ട് ഓഫീസ് പ്രവർത്തനം സംബന്ധിച്ച് | പരാമർശം നിലനിൽക്കുന്നു |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉത്തരവാദിയായ വ്യക്തി | ചാർജ്ജ് സർചാർജ്ജ് സർട്ടിഫിക്കറ്റ് നമ്പർ, തിയതി | തുക | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| 1 | 2005-06 | 2-1(എ) | സി.കെ.രാജീവൻ | LF 10429/ Spl.cell/CSCD1/12 14.7.14 | 17260 | അടവാക്കി 10000 (Rt 11204400003/20.2.13) 7260 (Rt 29/55556/10.10.14) |
| 2 | 2006-07 | 2-1(a) | കെ.സി രാജീവൻ സെക്രട്ടറി | LF 10421/ Spl.cell/SCD1/12 26.9.14 | 19197 | അടവാക്കി 19197 (Rt 29/55556/10.10.14) |
| 3 | 2005-06 | 3-1 | കെ.വി. അരവിന്ദാക്ഷൻ | LF 10429/ Spl.cell/CSC | 3922 | 3922 അടച്ചു |

| | | | | | | |
|---|---|---|---|---|---|---|
| | | | | D1/2012 14.7.14 | | Rt 11404400009/8.8.14 |
| 4 | 96-97 | 43 (1) (2),4647,51 (1) (2) | കെ.മൊയ്തുണ്ണി | LF 7739/ Spl.cell/SC1/2000 16.3.02 | 39278 | അടവാക്കിയിട്ടില്ല |

# 4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 8,06,66,261 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 7,92,35,960 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 5,905 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,06,37,570 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 5,905 | ശ്രീമതി ജയശ്രീ, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | | 5,905 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 21,29,849 | ശ്രീമതി ജയശ്രീ, അസിസ്റ്റന്റ് എഞ്ചീമീയർ |
| 1-15 | 6,98,640 | ശ്രീമതി റോസി, സെക്രട്ടറി |
| | 8,536 | ശ്രീ. കിരൺ ചന്ദ്, അസിസ്റ്റന്റ് സെക്രട്ടറി( ഇൻ ചാർജ്ജ്) |
| 1-27 | 1,07,800 | ശ്രീമതി പുഷ്പലത, സെക്രട്ടറി |
| 1-28 | 11,00,455 | ശ്രീമതി പുഷ്പലത, സെക്രട്ടറി |
| 1-29 | 15,00,000 | ശ്രീമതി പുഷ്പലത, സെക്രട്ടറി |
| | 39,89,784 | ശ്രീമതി റോസി, സെക്രട്ടറി |
| 1-30 | 11,02,506 | ശ്രീമതി പുഷ്പലത, സെക്രട്ടറി |
| ആകെ | 1,06,37,570 | |

സ) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ജയശ്രീ, അസിസ്റ്റന്റ് എഞ്ചിനീയർ | ലഭ്യമല്ല | ലഭ്യമല്ല |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്ക് |
|---|---|---|---|
| 1992-93,93-94 | LFM11/563/02, dt;19-10-10 | 5 | |
| 1994-95,95-96 | LFM13/736/99, dt;19-10-10 | 10 | |
| 1996-97 | LFM13/371/02,dt;19-10-10 | 8 | |
| 1-4-97 to 30-6-98 | LFM13/339/04 dt. 19.10.10 | 9 | |
| 1998-99 | LF M12/875/04 dt. 19.10.10 | 8 | |
| 199-00 | LF M13/1473/04 dt. 19.10.10 | 3 | |
| 2000-01 | LF M13/ 1474/04 dt. 19.10.10 | 1 | |

| | | | |
|---|---|---|---|
| 2001-02 | LFM12/1475/04 dt 19.10.10 | 3 | |
| 2002-03 | LFM0/279/08 dt. 19.10.10 | 4 | |
| 2003-04 | Lf M13/280/08 dt. 19.10.10 | 3 | |
| 2004-05 | LFM19/2022/08, dt. 19.10.10 | 22 | |
| 2005-06 | LFM19/913/10, dt: 21-8-10 | 10 | |
| 2006-07 | LF M19/ 914/10 dt. 21.08.10 | 17 | |
| 2007-08 | LFM13/537/12, dt: 24-4-12 | 24 | |
| 2008-09 | LF M13/538/12 dt. 24.4.12 | 18 | |
| 2009-10,2010-11 | LF M13/1623/13 dt: 25-9-13 | 25 | |
| 2011-12, 2012-13 | KSAMPM 13/1562/15, 25-9-13 | 25 | |
| 2013-14, 2014-15 | KSAMPM 13/1874/16, 27-07-16 | 26 | |
| 2015-16 | KSAMPM 13/3019/16, 18-11-16 | 23 | - |
| 2016-17 | KSAMPM 13/2015/2017 dt.25.09.2017 | 24 | |
| 2017-18 | KSA MPM13/49/19 dt. 16.02.19 | 25 | |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

മലപ്പുറം

# I ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.എം.പി.എം 13/1724/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.

പിൻ-676505 ഫോൺ:04832734951

dompm.ksad@kerala.gov.in

തിയ്യതി: 24.08.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രജ് നിയമം - വകുപ്പ് 215 (6), 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്തുകളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ആതവനാട് ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

മലപ്പുറം